"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - വടകര, വട്ടോളി നാഷണൽ എച്ച്.എസ്. സ്കൂളിലെ ക്ലർക്ക് ആയ ശ്രീ.ജിതേഷ് എൻ.പി.യുടെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.10650/2025/GEDN തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:- 1. മാനേജരുടെ 06.10.2025 തീയതിയിലെ റിവിഷൻ ഹർജി

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04/11/2025 തീയതിയിലെ ഡിജിഇ/22018/2025-ഇഎം6 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

വടകര, വട്ടോളി നാഷണൽ എച്ച്.എസ്. സ്കൂളിലെ ക്ലർക്ക് ആയ ശ്രീ.ജിതേഷ് എൻ.പി.യുടെ 01/07/2019 മുതലുള്ള നിയമനാംഗീകാരം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ ബന്ധപ്പെട്ടവരെ 05.11.2025ന് നേരിൽ കേട്ടു.

3. മാനേജരുടെ വാദങ്ങൾ ഇപ്രകാരമാണ്.

വട്ടോളി നാഷണൽ എച്ച്.എസ്.എസ്-ലെ ക്ലാർക്ക് ശ്രീ.ബാബു രഘുരാജൻ വിരമിച്ച ഒഴിവിലാണ്, ആഫീസ് അറ്റൻഡന്റ് ആയി ജോലി ചെയ്തു വന്ന സീനിയർ അവകാശി ശ്രീ.ജിതേഷ് എൻ.പി.യെ ക്ലാർക്ക് ആയി ഉദ്യോഗക്കയറ്റം നൽകി 01/07/2019 മുതൽക്ക് നിയമിച്ചത്. എന്നാൽ നിയമനാംഗീകാരം ശ്രീ.ജിതേഷിന്റെ ആഫീസ് അറ്റൻഡന്റ് നിയമനത്തിന് അംഗീകാരമായിട്ടില്ല. (ടിയാൻ 15/07/2009 മുതൽ ഇതേ വിദ്യാലയത്തിൽ തന്നെ മീനിയൽ ആയി ജോലി നോക്കി വരികയാണ്) എന്ന കാരണത്താൽ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിക്കുകയുണ്ടായി. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20/02/2025-ലെ ഉത്തരവ് ഇ.എം 3/233573/24 പ്രകാരം ശ്രീ.ജിതേഷിന്റെ ആഫീസ് അറ്റൻഡന്റ് നിയമനം അംഗീകരിക്കാൻ നിർദ്ദേശം നൽകുകയും, തദനുസരണം 01/06/2019 മുതൽക്കുള്ള, ശ്രീ.ജിതേഷിന്റെ ആഫീസ് അറ്റൻഡന്റ് നിയമനത്തിന് വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. (20/05/2025-ലെ ബി2/113404/21 നമ്പർ ഉത്തരവ്) ആയതിനാൽ നിയമനം നിരസിക്കാനായി ചൂണ്ടിക്കാണിച്ച ഏക കാരണം ഇല്ലാതായിരിക്കുകയാണ്. അതിനാൽ ശ്രീ.ജിതേഷിന്റെ ക്ലാർക്ക് നിയമനത്തിന് 01/07/2019 മുതൽ അംഗീകാരം നൽകാനുള്ള നിർദ്ദേശം വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദങ്ങൾ ഇപ്രകാരമാണ്

വടകര വിദ്യാഭ്യാസ ജില്ലയിലെ വട്ടോളി നാഷണൽ എച്ച്.എസ്.എസ്-ലെ ക്ലാർക്ക് ആയിരുന്ന ശ്രീ.ബാബു രഘുരാജൻ 30/06/2019 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ മാനേജർ ടി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.ജിതേഷ് എൻ.പി.യെ 01/07/2019 മുതൽ സ്ഥാനക്കയറ്റം നൽകി ക്ലർക്ക് ആയി നിയമിച്ചു. ടി നിയമനത്തിന് അംഗീകാരം നൽകണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം. ശ്രീ. ജിതേഷ്.എൻ.പി.യുടെ ഓഫീസ് അറ്റൻഡന്റ് സ്ഥാനക്കയറ്റ നിയമനത്തിന് അംഗീകാരം ലഭ്യമാകാത്തതിനാലും പ്രൊപ്പോസലിനോടൊപ്പം ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ലാത്തതിനാലും വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിച്ചു. തുടർന്നുള്ള റിവിഷൻ അപ്പീലുകൾ മേൽ പറഞ്ഞ കാരണങ്ങളാൽ നിരസിച്ചു.ടി സ്കൂളിൽ 2019-20, 2022-23, 2023-24, 2024-25 വർഷങ്ങളിൽ 2 ക്ലാർക്ക് തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ ശ്രീമതി. വീണ ടി.കെ., ശ്രീ.ജിതേഷ് എൻ.പി. എന്നിവരാണ് തുടരുന്നത്. സീനിയറായ ശ്രീമതി.വീണ ടി.കെ.യുടെ നിയമനം ഇതിനകം അംഗീകരിച്ചിട്ടുള്ളതാണ്. ശ്രീ. ബാബു രഘുരാജൻ 30/06/2019 തീയ്യതി സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്. ശ്രീ. ജിതേഷ് എൻ.പി.യുടെ എഫ്.ടി.സി.എം നിയമനം 15/07/2009 മുതൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. ടിയാളെ 01/06/2019 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകുകയും പ്രൊബേഷണറി ഓഫീസ് അറ്റൻഡന്റ് ആയി വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തു. ശ്രീ. ജിതേഷ് എൻ.പി.യ്ക്ക് 01/06/2019 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി നിയമനാംഗീകാരമുള്ളതിനാൽ ടിയാൻ കെ.ഇ.ആർ അധ്യായം 14(എ) റൂൾ 43 അവകാശിയാണ്. മുൻഗണനാവകാശിയായതിനാൽ ടി നിയമനം ഭിന്നശേഷി സംവരണ വ്യവസ്ഥയുടെ പരിധിയിൽ വരുന്നില്ല. 01/01/2019-ലെ അംഗീകൃത സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ശ്രീ.ജിതേഷ് എൻ.പി.യാണ് ക്ലർക്ക് നിയമനത്തിന് അർഹതയുള്ള സീനിയർ ഉദ്യോഗാർത്ഥി. എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചിട്ടുണ്ട് എന്നതിനാൽ ടിയാൾക്ക് നിശ്ചിത യോഗ്യത ലഭ്യമാണ്. മേൽ സാഹചര്യത്തിൽ വട്ടോളി നാഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീ.ജിതേഷ് എൻ.പി.യുടെ 01/07/2019 മുതൽക്കുള്ള ക്ലാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം പരിഗണനാർഹമാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20/02/2025-ലെ ഉത്തരവ് ഇ.എം 3/233573/24 പ്രകാരം ശ്രീ.ജിതേഷിന്റെ ഓഫീസ് അറ്റൻഡന്റ് നിയമനം അംഗീകരിക്കാൻ നിർദ്ദേശം നൽകുകയും, തദനുസരണം 01/06/2019 മുതൽക്കുള്ള, ശ്രീ.ജിതേഷിന്റെ ഓഫീസ് അറ്റൻഡന്റ് നിയമനത്തിന് വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീ.ജിതേഷ് എൻ.പി.യ്ക്ക് 01/06/2019 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി നിയമനാംഗീകാരമുള്ളതിനാൽ ടിയാൻ കെ.ഇ.ആർ അധ്യായം 14(എ) റൂൾ 43 അവകാശിയാണ്. മുൻഗണനാവകാശിയായതിനാൽ ടി നിയമനം ഭിന്നശേഷി സംവരണ വ്യവസ്ഥയുടെ പരിധിയിൽ വരുന്നില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജിതേഷിന്റെ ക്ലാർക്ക് നിയമനത്തിന്, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ 01/07/2019 മുതൽ അംഗീകാരം നൽകാനുള്ള നിർദ്ദേശം വടകര ജില്ലാ വിദ്യാഭ്യാസ

ആഫീസർക്ക് നൽകി അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

മാനേജർ, നാഷണൽ ഹയർ സെക്കൻഡറി സ്കൂൾ, വട്ടോളി, പി.ഒ. വട്ടോളി - 673 507
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര
ശ്രീ. ജിതേഷ് എൻ.പി., നാഷണൽ ഹയർ സെക്കൻഡറി സ്കൂൾ, വട്ടോളി, പി.ഒ. വട്ടോളി - 673 507
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 03-01-2026 12:07:54

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.